## ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

## 2014 – ലെ ദി കേരള വിക്റ്റിം കോമ്പൻസേഷൻ സ്കീം

മി. സ്പീക്കർ. എസ്. ആർ.ഒ നമ്പർ 167/2014 വിജ്ഞാപനത്തിനുള്ള ഭേദഗതി 2014 ജൂൺ 10–ാം തീയതി സഭയുടെ മേശപ്പുറത്തുവച്ച 2014–ലെ The Kerala Victim Compensation Scheme G.O (M.S) No. 37/2014/ഹോം. തീയതി 24.02.2014 (എസ്.ആർ.ഒ. നമ്പർ 167/2014) വിജ്ഞാപനത്തിന് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് ശ്രീ. എം. ഉമ്മർ, ശ്രീ. വി.ഡി. സതീശൻ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

Shri. M. Ummer: Sir, I move the following amendments:

I. In clause 2 (j) after the word “children”, the words “including adopted minor children” shall be added and after the word “victim”, the words “and in the case of a bachelor victim minor sisters or brothers” shall be added.

II. In clause 6 (1) for the words “the Aadhar linked”, the words “currently operating scheduled” shall be substituted.

III. In clause 6 (2) replace the sentence starting with “In exceptional cases, ...............” by “In exceptional cases, the amount of compensation can be utilised for educational or major medical needs of the beneficiary by transferring the amount to concerned Institutions as decided by the District Legal Services Authority/Appeal authorities,”

സർ, സി.ആർ.പി.സി 357 (എ) വകുപ്പിന് അനുയോജ്യമായി കേരള വിക്റ്റിം കോമ്പൻസേഷൻ സ്കീം 2014 പുറപ്പെടുവിച്ച ബഹുമാനപ്പെട്ട

ആഭ്യന്തര വകുപ്പുമന്ത്രിയേയും ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുക യാണ്. ഒരു കുറ്റകൃത്യത്തിന് ഇരയാകുന്ന ആൾക്ക് മതിയായ നഷ്ടപരി ഹാരം നൽകുവാൻ സ്റ്റേറ്റിന് നിയമപരമായും മാനുഷികപരമായും ബാദ്ധ്യത യുണ്ടെന്ന നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 41/2, 41 C (3)–ന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടാണ് സി.ആർ.പി.സി 357 –ാം വകുപ്പ് സെൻട്രൽ ഗവൺമെന്റ് ഭേദഗതി വരുത്തിയിട്ടുള്ളത്. ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ റൂൾസ് മേശപ്പുറത്തുവച്ചതുകൊണ്ടാണ് ഒരു നിയമസഭാ അംഗം എന്ന നിലയ്ക്ക് ഇങ്ങനെയുള്ളൊരു ഭേദഗതി അവതരിപ്പിക്കാൻ കഴിഞ്ഞത്. അതിന് ബഹുമാനപ്പെട്ട മന്ത്രിയോടും അവസരം തന്ന ചെയറിനോടും നന്ദി പറയുകയാണ്. റൂളിന്റെ യാതൊരു സ്പിരിറ്റിനും ഘടനയ്ക്കും മാറ്റമില്ലാത്ത വിധത്തിലുള്ള രണ്ടു മൂന്നു ചെറിയ ഭേദഗതികൾ മാത്രമേയുള്ളൂ. ഞാൻ അതുകൊണ്ട് ഭേദഗതിയിലേയ്ക്ക് കടക്കുകയാണ്.

ക്ലോസ് 2 (j) – യിൽ dependent എന്ന് പറയുന്നത് dependent includes wife, husband, father, mother, unmarried daughter and minor children എന്നാണ് പറഞ്ഞിട്ടുള്ളത്. അവിടെ ഞാൻ ഭേദഗതി വരുത്തിയിട്ടുള്ളത് ‘including adopted minor children’. ഇതിനകത്ത് minor children ഉം, mother ഉം father ഉം മാത്രമേയുള്ളൂ. അതേ അവകാശം ഉള്ള ആളുകളാണ് including adopted minor children അതും കൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി. അതു പോലെ തന്നെ after victim എന്നതിനുശേഷം താഴെപ്പറയുന്നതുകൂടി ചേർക്കണം. and in the case of a bachelor victim minor sisters or brothers കൂടി ചേർക്കണം. എന്ന് പറഞ്ഞാൽ വിവാഹിതനല്ലാത്ത ഒരാളാണ് മരണപ്പെടുന്ന

തെങ്കിൽ അദ്ദേഹത്തിന്റെ അച്ഛനും അമ്മയും മരണപ്പെട്ടതാണെങ്കിൽ ഒരിക്കൽ പോലും ഇങ്ങനെയുള്ള കോമ്പൻസേഷൻ സ്വീകരിക്കാൻ ആളില്ലാതെ പോകും. അതുകൊണ്ട് minor ആയ sister or brother ഉണ്ടെങ്കിൽ അവരെക്കൂടി വിക്റ്റിംസിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്നാണ് എന്റെ ഭേദഗതി. dependent includes wife, husband, father, mother, unmarried daughter and minor children എന്നുള്ളത് ഭേദഗതി വരുത്തുമ്പോൾ including adopted minor children of the victim and in the case of a bachelor victim minor sisters or brothers എന്നതാണ് എന്റെ ഭേദഗതി.

clause 6 (1) ൽ disbursement of compensation will be done through the Aadhar linked bank account എന്നാണ് പറഞ്ഞിട്ടുള്ളത്. ആധാർ എടുത്തുകളയാൻ പോകുകയാണ്. അതുകൊണ്ട് ഒരിക്കലും ആധാർ ലിങ്ക് ചെയ്യുന്നത് പ്രായോഗികമായ കാര്യമല്ല. എന്റെ ഭേദഗതി words of Aadhar linked shall be substituted by following currently operating scheduled bank എന്നുള്ളതാണ്. അങ്ങനെ ഭേദഗതി ചെയ്യുമ്പോൾ disbursement of compensation will be done through currently operating scheduled bank account എന്നുള്ളതാണ്. Aadhar linked എന്നുള്ളത് മാറ്റിയിട്ട് currently operating scheduled bank എന്നുള്ളതാണ്.

അതുപോലെ തന്നെ clause 6 (2) –ൽ ഒരു ഭേദഗതിയുള്ളത് അത്യാവശ്യഘട്ടത്തിൽ ചികിത്സയ്ക്കുള്ള പണം പിൻവലിക്കുന്നത് സംബന്ധിച്ചാണ്. അതിന്റെ ഭേദഗതി എന്നുപറയുന്നത് in exceptional cases, the amount of compensation can be withdrawn for educational or medical needs of the beneficiary by the competent person as decided by District Legal Services

Authority or Appeal Authority എന്നുള്ളതാണ്. അതിൽ എന്റെ ഭേദഗതിയു ള്ളത് in exceptional case of the amount of compensation can be withdrawn എന്ന തിനുപകരം utilised for educational or major medical needs of the beneficiary by transferring the amount to concerned Institution നേരിട്ട് പണം വേറൊരു dependent- ന് കൊടുക്കുന്നതിനു പകരമായി ചികിത്സയ്ക്ക് ആവശ്യമായ പണമാണെങ്കിൽ ബന്ധപ്പെട്ട ഹോസ്പിറ്റലിലേയ്ക്കോ അതല്ല വിദ്യാഭ്യാസ ത്തിനാവശ്യമായ പണമാണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തി ലേയ്ക്കോ മാറുവാൻ സാധിക്കുമെങ്കിൽ മൈനറുടെ പണം സുരക്ഷിതമായി രിക്കും. അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു.

Shri. V. D. Satheesan : Sir, I move the following amendments :

I. In clause 2 (j) the word “minor” shall be deleted

II. In clause 3(2), after the sub clause (c), a new sub clause (d) shall be added:-
“(d) contribution from Corporate Social Responsibility Funds of various public and private undertakings.”

III. Clause 4, sub clause (e) shall be deleted

IV. In clause 5 (7) after the word “rehabilitation”, the words “of the family” shall be added

VI. In clause 9 for the words “hundred and eighty days”, the word “year” shall be substituted.

VII. In clause 10 (1) for the words “ninety” the words “one hundred and twenty” shall be substituted.

VIII. In clause 10 (2) for the figure “30” the figure “60” shall be substituted.

IX. In the Schedule serial number 8 for the figure “20,000”, the figure “50,000” shall be substituted.

X. In the Schedule serial number 11 for the figure and word “3 lakhs”, the figure and word “5 lakhs” shall be substituted.

സർ, ധാരാളം ക്ഷേമപ്രവർത്തനങ്ങൾ നടത്തി മറ്റെല്ലാ ഗവൺമെന്റി നേയും മറികടന്ന ഈ ഗവൺമെന്റിന്റെ സാമൂഹ്യക്ഷേമ പരിപാടികളിലെ മറ്റൊരു പൊൻതൂവലാണ് 2014-ലെ ദി കേരള വിക്റ്റിം കോമ്പൻസേഷൻ സ്കീം എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെ കാരുണ്യപൂർവ്വവും ദയ അർഹിക്കുന്നതുമായ ആളുകൾക്കാണ് ഈ സഹായം നൽകുന്നത്. കുറ്റ കൃത്യങ്ങളുടെ ഇരകളായിത്തീരുന്ന സാധാരണ മനുഷ്യരും അവരുടെ കുടും ബങ്ങളും വഴിയാധാരമാകാതിരിക്കുന്നതിന് ഈ സ്കീം വളരെയധികം സഹാ യിക്കും. ഞാൻ 10 ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. അതിൽ 5-ാമത്തെ ഭേദഗതി മൂവ് ചെയ്യുന്നില്ല.

ഒന്നാമത്തെ ഭേദഗതി Clause 2(j) യുടെ definition clause -ൽ minor children എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. minor children-ന് വേണ്ടി മാത്രമാക്കിയാൽ mentally retarded-ഉം disabled-ഉം ആയ കുട്ടികൾ ഈ പരിധിയിൽ വരില്ല. അതുകൊണ്ട് minor children എന്നത് children എന്നാക്കണം. unmarried daughter ഉം minor ഉം മാറ്റി മക്കൾ എന്നാക്കണം. കാരണം തളർന്ന് കിടക്കുന്നതും mentally retarded ആയതും അംഗ വൈകല്യം സംഭവിച്ചതുമായ കുട്ടികളുണ്ട്. അവർ ഈ പരിധിയിൽപെടാതെ

പോകും. ഏറ്റവും കാരുണ്യം അർഹിക്കുന്ന ആളുകളാണ് അവർ. Victim മരണപ്പെട്ടുപോയാൽ അയാളുടെ കുടുംബത്തിൽ ഇങ്ങനെയൊരു കുട്ടിയുണ്ടെങ്കിൽ ആ കുട്ടിക്ക് സഹായം ലഭ്യമാകാതെ പോകും. Minor children എന്നതിനുപകരം children എന്നാക്കണം. കുട്ടികൾക്ക് അതിനുള്ള അവകാശം പൂർണ്ണമായി കൊടുക്കണം.

രണ്ടാമത്തെ ഭേദഗതി clause 3(2) നമ്മൾ ഇതിന് ഒരു കോർപ്പസ് ഉണ്ടാക്കുന്നുണ്ട്. Victim compensation fund ആ ഫണ്ടിൽ നിന്നാണ് പണമെടുത്ത് ഉപയോഗിക്കുന്നത്. അതിൽ പ്രധാനമായി രണ്ടുമൂന്ന് മാർഗ്ഗങ്ങൾ പറയുന്നു. 1. ബഡ്ജറ്ററി അലോക്കേഷൻ, 2. Fine imposed under section 357 of the code 3. Donations and contributions received from international or national charitable institutions, organisations and individuals. ഞാൻ മറ്റൊന്നുകൂടി ചേർക്കാൻ പറയുകയാണ്. Contributions from corporate social responsibility funds of various public and private undertakings. എല്ലാപേർക്കും സി.എസ്.ആർ ഉണ്ട്. പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിനും പ്രൈവറ്റ് അണ്ടർടേക്കിംഗ്സിനുമെല്ലാം സി.എസ്.ആർ ഉണ്ട്. അതിൽ നിന്ന് നല്ലൊരു തുക ഈ കോർപ്പസിന് ലഭിക്കും. അതുകൊണ്ട് 4-ാമത്തെ ക്ലോസ് (d) ആയി സി.എസ്.ആർ കൂടി വായിക്കാൻ വേണ്ടിയുള്ള ക്ലോസ് ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മൂന്നാമത്തെ ഭേദഗതി clause 4 അതിൽ clause (c) shall be deleted എന്നാണ് അച്ചടിച്ചിരിക്കുന്നത്. clause (e) delete ചെയ്യണം. clause (c)

ആവശ്യമുള്ളതാണ്. അതായത് മൂന്നാമത്തെ ഭേദഗതിയിൽ clause 4 –ൽ sub clause (e) shall be deleted എന്നാക്കണം. sub clause (e) എന്നുപറയുന്നത് the crime on account of which the compensation is to be paid under the scheme should have been occurred within the State ഈ സ്റ്റേറ്റിൽ നടക്കുന്ന ഒരു ക്രൈമിന്/ഒഫൻസിന് അതിന്റെ വിക്റ്റിം ആകുന്ന ആളുകൾക്കോ ഇല്ലെങ്കിൽ അവരുടെ ആശ്രിതർക്കോ വേണ്ടി മാത്രമാകും ഈ സ്കീം. കേരളത്തിന് പുറത്തുള്ള ഏതെങ്കിലും സംസ്ഥാനത്തിൽ ഒരു ഒഫൻസിന്റെ വിക്റ്റിം ആയി മാറുന്ന ഒരാൾക്കോ ഇല്ലെങ്കിൽ അയാളുടെ നാട്ടിലുള്ള കുടുംബത്തിനോ ഇത് കിട്ടാതെ പോകും. അതുകൊണ്ട് sub clause (e) that shall be deleted.

നാലാമത്തെ ഭേദഗതി in clause 5(7) after the word rehabilitation the words "of the family" shall be added. Minimum sustenance amount required for rehabilitation, അത് വിക്റ്റിമിനോ അല്ലെങ്കിൽ ഡിപ്പന്റന്റിനോ എന്നുള്ളത് മാത്രമായിരിക്കുകയാണ്. Minimum sustenance amount calculate ചെയ്യുമ്പോൾ, it should be for the rehabilitation of the entire family. ആ കുടുംബത്തിന്റെ റീഹാബിലിറ്റേഷന് വേണ്ടി ഈ തുക ഉപയോഗിക്കണം. റീഹാബിലിറ്റേഷൻ എന്ന് പറയുമ്പോൾ ക്ലാരിറ്റി കുറവുണ്ട്. ഈ സ്കീം വരുമ്പോൾ, സാധാരണ ഉദ്യോഗസ്ഥന്മാരുടെ അടുത്ത് വരുമ്പോൾ, അവർ sustenance amount കണക്കാക്കുമ്പോൾ മൊത്തം കുടുംബത്തിന്റെ റീഹാബിലിറ്റേഷൻ കണക്കാക്കുന്നു. റൂൾസിൽത്തന്നെ

ക്ലാരിറ്റി വന്നാൽ rehabilitation of the family എന്ന് പറയാം. മറ്റ് കോമ്പൻസേയൻ ആക്ടുകളിലെല്ലാം പറയുന്നത് ഇങ്ങനെയാണ്. ആ sustenance amount കണക്കാക്കുന്നത് കുടുംബത്തിന് ജീവിക്കാനാവശ്യമായ, അവരുടെ നിലനിൽപ്പിനാവശ്യമായ പണമായിട്ടാണ്.

**അഞ്ചാമത്തെ ഭേദഗതിയിൽ തെറ്റുള്ളതുകൊണ്ട് അത് ഞാൻ മൂവ് ചെയ്യുന്നില്ല.**

ആറാമത്തെ ഭേദഗതി clause 9 നാണ്. ഇത് ലിമിറ്റേഷൻ പീരിഡിനെക്കുറിച്ചാണ് പറയുന്നത്. ഇങ്ങനെ ഒരു സംഭവം ഉണ്ടായിക്കഴിഞ്ഞാൽ within 180 days no claim made by the victim or his dependent under sub section 4 of section 357(a) of the court shall be entertained after the period of 180 days from the occurrence of the crime. അതുപോര. കാരണം ഒരു സംഭവം നടന്നതിന്റെ ഷോക്കിലാണ് ഈ കുടുംബം നിൽക്കുന്നത്. സാധാരണയുള്ള സമയത്തിനേക്കാൾ കൂടുതൽ കൊടുക്കണം. 180 ദിവസമുള്ളതു മാറ്റി one year എന്നാക്കണം. ഇപ്പോൾ 6 മാസമാണ് കൊടുത്തിരിക്കുന്നത്. ലിമിറ്റേഷൻ പിരീഡ് ഒരു വർഷമാക്കി മാറ്റണം.

ഏഴാമത്തെ ഭേദഗതി അപ്പീലിനെ സംബന്ധിച്ചാണ്. അപ്പീൽ കൊടുക്കുന്നതിന് 90 ദിവസമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അത് 120 ദിവസമായി വർദ്ധിപ്പിക്കണം.

എട്ടാമത്തെ ഭേദഗതി 2nd appeal കൊടുക്കാനുള്ള ദിവസം 60 ആക്കണം. സിവിൽ മാറ്ററിലൊക്കെ ഇത് കൂടുതലാണ്. 30 ദിവസമെന്നുള്ളത് 60 ദിവസമാക്കി സെക്കന്റ് അപ്പീലിനുള്ള സമയം കൊടുക്കണം.

ഒൻപതും പത്തും ഭേദഗതികളിൽ പറഞ്ഞിരിക്കുന്നത് കോമ്പൻസേഷൻ എമൗണ്ടിനെ സംബന്ധിച്ചുള്ള ഷെഡ്യൂളിലുള്ളതാണ്. Burns affecting less than 25% of the body അത് 20,000 ആണ് പറഞ്ഞിരിക്കുന്നത്. ഇത് മുഖത്തോ പ്രധാനപ്പെട്ട ശരീരഭാഗങ്ങളിലോ ആണെങ്കിൽ അത് ഗുരുതരമായ പ്രശ്നമാണ് അതിന് നഷ്ടപരിഹാരമായി കൊടുക്കുന്ന 20,000 രൂപ വളരെ കുറവാണ്. അത് 50,000 രൂപയായി വർദ്ധിപ്പിക്കണം. അതുപോലെ ബലാൽത്സംഗത്തിന് ഇരയായവർക്ക് പറഞ്ഞിരിക്കുന്നത് 3,00,000 രൂപയാണ്. അതും ഗുരുതരമായ കുറ്റമാണ്. അത് 5,00,000 ആയി വർദ്ധിപ്പിക്കണം. ഞാൻ തന്ന 10 ഭേദഗതികളിൽ അഞ്ചാമത്തേത് ഒഴിച്ചുള്ള 9 ഭേദഗതികളും മൂവ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ അങ്ങ് നേരത്തേ പറഞ്ഞ ഭേദഗതി 3 ൽ sub clause (c) may be deleted എന്ന് കാണുന്നു. ഇവിടെ പറഞ്ഞതനുസരിച്ച് sub clause(e) ഡെലീറ്റ് ചെയ്തിരിക്കുന്നു. ശ്രീ. സുരേഷ് കുറുപ്പ് സാധാരണ ഇത്തരം സന്ദർഭങ്ങളിൽ അമന്റ്മെന്റ് മൂവ് ചെയ്യുന്നവർക്ക് മാത്രമേ സമയം അനുവദിക്കൂ. 1980 വരെ ഇതേ രീതിയിലായിരുന്നു. അതിനു ശേഷം, സബ്ജറ്റ് കമ്മിറ്റി വന്നതിനുശേഷം ഇത്തരം ഒരു പ്രിവിലേജ് നമുക്കില്ല. അങ്ങേയ്ക്ക് അവതരിപ്പിക്കാം.

<u>ശ്രീ. കെ. സുരേഷ്കുറുപ്പ്</u>: സർ, ക്ലോസ് 5–ലെ സബ് ക്ലോസ് 10 –ൽ ഒരു വിക്റ്റിമിന് കോമ്പൻസേഷൻ കൊടുക്കുമ്പോൾ അയാൾക്ക് insurance, exgratia, payment received under any other act or any other State's scheme can be considered as the part of the compensation amount under

the scheme. ഇൻഷ്വറൻസ് തുടങ്ങിയ പദ്ധതികളിൽ ഒരാൾ അയാളുടെ പോക്കറ്റിൽ നിന്ന് പൈസ അടച്ചുകൊണ്ടിരിക്കുകയാണ്. ആ പൈസയിൽ നിന്നും അയാൾക്ക് ന്യായമായി കിട്ടേണ്ട തുക വരുമ്പോൾ ഈ കോമ്പൻസേഷനുമായി ലിങ്ക് ചെയ്യുക എന്നു പറയുന്നത് തികച്ചും തെറ്റായ കാര്യമാണ്. അത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ആ ക്ലോസ് മാറ്റണം. അതായത് ഞാൻ തുക അടച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ ആധാർ ലിങ്ക്ഡ് എന്ന് ഇപ്പോൾ ആരും പറയുന്നില്ല. അതുകൊണ്ട് അത് മാറ്റണം. ഇത്തരമൊരു സ്കീം കൊണ്ടുവന്ന ആഭ്യന്തരമന്ത്രിയെ അഭിനന്ദിക്കാനും ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഏറ്റവും സുപ്രധാനമായ ഒരു സ്കീമാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. 2008-ലാണ് കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം CRPC 357 (a) എന്ന അമെന്റ്മെന്റ് പ്രകാരമുള്ള പുതിയ സ്കീമുകൾ തീരുമാനിക്കാനായി സംസ്ഥാന ഗവൺമെന്റുകളോട് ആവശ്യപ്പെട്ടിട്ടുള്ളത്. Every State Government in co-ordination with the Central Government shall prepare a scheme for providing funds for the purpose of compensation to the victims of the dependants who was suffered loss or injury as a result of crime and who require rehabilitation. 2008 മുതൽ പെൻഡിംഗ് കിടന്നതാണ്. പലതരത്തിലുള്ള അക്രമസംഭവങ്ങളിലും കൊലപാതകങ്ങളിലും ആളുകൾ മരിക്കുകയും അവർക്ക് പരിക്കേൽക്കുകയും ഒക്കെ

ചെയ്യുമ്പോൾ പലപ്പോഴും കോടതിയിൽ കുറ്റം ചെയ്തവർക്ക് ശിക്ഷ കിട്ടും. പക്ഷേ suffer ചെയ്തവർക്ക് ഒരു ആനുകൂല്യമോ ഒരുതരത്തിലുള്ള ചികിൽസാ സൗകര്യങ്ങളോ ഒന്നുംതന്നെയില്ല എന്നുള്ളതുകൊണ്ടാണ് ഇത്തരം ഒരു സ്കീമിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചത്. ഈ സ്കീം 19-02-2014-ൽ ക്യാബിനറ്റ് പാസ്സാക്കി. 24-02-2014-ന് ജി.ഒ. ആയി ഇറക്കി. എസ്.ആർ.ഒ. ആയി 24-02-2014-ന് ഇറക്കുകയുണ്ടായി. ഇതുപ്രകാരം നമ്മുടെ നാട്ടിലുണ്ടാകുന്ന അക്രമസംഭവങ്ങളിൽ പരിക്ക് പറ്റുന്നവർക്കും കൊലപാതകം, ബലാൽസംഗം എന്നിവയ്ക്ക് ഇരയാകുന്നവർക്കും സംരക്ഷണം ഉറപ്പുവരുത്തുക എന്നുള്ളതാണ് ഗവൺമെന്റ് ഈ സ്കീം കൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെ ഇരകളായി മാറുന്ന ആളുകളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് അവരെ സഹായിക്കാനും അവരെ പുനരധിവസിപ്പിക്കാനും കഴിയത്തക്ക നിലയിലാണ് ഈ സ്കീം തയ്യാറാക്കി യിട്ടുള്ളത്. ഈ സ്കീമിന് ആവശ്യമായ ഒരു ഫണ്ട് ഉണ്ട്. ആ ഫണ്ട് എന്നു പറയുന്നതുതന്നെ സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിലൂടെ നൽകുന്ന വിഹിതവും അതോടൊപ്പം തന്നെ മറ്റു ഡൊണേഷൻസ് സ്വീകരിക്കുന്നതും ഉൾപ്പെടെയുള്ളതിന്റെ അടിസ്ഥാനത്തിലും കോടതികളിൽ നിന്ന് ഫൈനുകൾ ഈടാക്കുമ്പോൾ ഉണ്ടാകുന്നതും അനുസരിച്ചാണ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. ഈ ഫണ്ട് കൈകാര്യം ചെയ്യുന്നത് സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറി റ്റിയും ഡിസ്ട്രിക്ട് ലീഗൽ സർവ്വീസസ് അതോറിറ്റിയുമാണ്. ഇതിന്റെ നോഡൽ ഡിപ്പാർട്ടുമെന്റ് ഹോം ഡിപ്പാർട്ടുമെന്റാണ്. അങ്ങനെ വളരെ പ്രധാനപ്പെട്ട, നാട്ടിലെ പാവപ്പെട്ട, ഇരകളാകുന്ന ആളുകളെ സഹായിക്കാൻ വേണ്ടിയുള്ള വളരെ കാരുണ്യം നിറഞ്ഞ ഒരു പദ്ധതിയാണ് ഗവൺമെന്റ്

ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇതിനകത്ത് ബഹുമാനപ്പെട്ട മെമ്പർമാരായ എം.ഉമ്മർ, വി.ഡി. സതീശൻ, സുരേഷ് കുറുപ്പ് എന്നിവർ പ്രധാനമായും രണ്ടുമൂന്ന് അമെന്റ്മെന്റുകൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ ചൂണ്ടിക്കാണിച്ച ആദ്യത്തെ അമെന്റ്മെന്റ് victim compensation scheme –ലെ clause 2(j) യ്ക്ക് ഭേദഗതി ആവശ്യമാണ്.

clause 2(j) – യിൽ ‘Children’ എന്ന വാക്കിന് ശേഷം ‘including adopted minor children’ എന്നീ വാക്കുകൾ കൂടി ചേർക്കണം എന്നതാണ് ഭേദഗതി. അത് ഗവൺമെന്റ് അംഗീകരിക്കുകയാണ്. കാരണം ഒരാൾ അഡോപ്റ്റ് ചെയ്ത കുട്ടികളുണ്ടെങ്കിൽ അവർക്ക് കോമ്പൻസേഷൻ കിട്ടത്തക്ക വിധത്തിലുള്ളതാണ്. Clause 2(j) യിൽ ‘victims’ എന്ന വാക്കിനു ശേഷം ‘and in the case of a bachelor victim minor sisters or brothers’ എന്നീ വാക്കുകൾ കൂടി ചേർക്കണമെന്ന ഭേദഗതിയാണ് ഉന്നയിച്ചിട്ടുള്ളത്. അത് ‘and in the case of unmarried male or female, his or her minor brothers or sisters’ എന്ന് ചേർത്ത് ആ ഭേദഗതി അംഗീകരിക്കുകയാണ്. നല്ല ഒരു സജഷനാണ്. സ്കീമിനകത്ത് വിട്ടുപോയ കാര്യമാണ്. ചെറിയൊരു ഭേദഗതിയോടുകൂടി രണ്ടാമത്തേതും അംഗീകരിക്കുകയാണ്.

Clause 6(1) –ൽ ‘Aadhar linked’ –ന് പകരം ‘currently operating scheduled’ എന്ന ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആധാർ ഇപ്പോൾ നിലവിലുണ്ടോ ഇല്ലയോ എന്നത് അറിയാൻ പാടില്ലാത്തതുകൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ‘through an account in a Nationalized or

Scheduled Bank' എന്ന ഭേദഗതിയോടെ അംഗീകരിക്കുകയാണ്. ദേശസാൽകൃത ബാങ്കുകളുടേയും ഷെഡ്യൂൾഡ് ബാങ്കുകളുടേയും എന്നുള്ള നിലയിലേക്ക് മാറ്റിയാൽ വളരെ എളുപ്പമാകും.

Clause 6(2) -ൽ "In exceptional cases the amount of compensation can be utilised for educational or major medical needs of the beneficiary by transferring the amount to the concerned institution as decided by the District Legal Services Authority/Appeal Authorities" എന്നുള്ളതാണ് ഭേദഗതി. അംഗീകരിക്കാൻ നിവൃത്തിയില്ല. കാരണം major medical needs എന്നുപറയുന്നത് നിർവ്വചിക്കാൻ വളരെ ബുദ്ധിമുട്ടാണ്. ഇതുദ്ദേശി ക്കുന്നത് ഇരകൾക്ക് വേണ്ടിയുള്ളതാണ്. സ്ഥാപനങ്ങൾക്കുള്ളതല്ല. ഒരു പ്രത്യേക വ്യക്തിക്കാണ് കോമ്പൻസേഷൻ നൽകുന്നത്. അതുകൊണ്ട് ആ ഭേദഗതി അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതികളിൽ, 'minor' എന്നുള്ള വാക്ക് ഡിലീറ്റ് ചെയ്യണമെന്നതാണ്. അതിന് ബുദ്ധിമുട്ടുണ്ട്. Clause 2(j)-ൽ 'minor' എന്നുള്ള വാക്ക് ഒഴിവാക്കാൻ നിർവ്വാഹമില്ല. കാരണം പ്രായപൂർത്തിയായ മക്കളെ "ആശ്രിതർ" എന്ന വാക്കിൽ ഉൾപ്പെടുത്താൻ കഴിയില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: നേരത്തേ ശ്രീ. എം.ഉമ്മർ കൊണ്ടുവന്ന അമെന്റ്മെന്റിൽ അത് മാറ്റി. പക്ഷേ മാറ്റിക്കഴിഞ്ഞപ്പോൾ അഡോപ്റ്റഡ് ചിൽഡ്രൻസിനെവരെ ഉൾപ്പെടുത്തി. പക്ഷേ മൈനർ അല്ലാത്ത പ്രായപൂർത്തി

യായതും ഡിസേബിൾഡായിട്ടുള്ളതും മെന്റലി റിട്ടാർഡായ കുട്ടികളും ഉണ്ടാകും. അതുകൊണ്ട് minor എന്ന വാക്ക് ഒഴിവാക്കാൻ സാധിക്കുമോയെന്ന് നോക്കണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, പല വീടുകളിലും 10-40 വയസ്സുള്ള ഓട്ടിസം ബാധിച്ചവരും ഡിസേബിൾഡ് ആയവരുമുണ്ട്. അവരെ ആരും നോക്കാനുണ്ടാവില്ല. അങ്ങനെയുള്ളവരുണ്ടെങ്കിൽ അവരെയുംകൂടി ഇതിൽ ഉൾപ്പെടുത്തണ്ടേ? അതാണ് ശ്രീ. വി.ഡി. സതീശൻ ഉദ്ദേശിച്ചത് എന്നാണ് ഞാൻ മനസിലാക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: minor എന്ന വാക്ക് ഒഴിവാക്കാനുള്ള ആ ഭേദഗതി അംഗീകരിച്ചിരിക്കുന്നു.

3 (2) Sub clause (d) കൂടി ചേർക്കണമെന്നുള്ള ഭേദഗതി അംഗീകരിക്കുകയാണ്. 3 (2) Sub clause (d) എന്നുപറയുന്നത് "Contribution from Corporate Social Responsibility Funds of various public and private undertakings." ഇത് അംഗീകരിക്കുകയാണ്. കോർപ്പസ് ഫണ്ട് രൂപീകരിക്കുമ്പോൾ അതിനാവശ്യമായ ഫണ്ട് ഉണ്ടാകണം. നമുക്കിപ്പോൾ പല സോഷ്യൽ കോർപ്പസ് റെസ്പോൺസിബിലിറ്റി ഫണ്ടും നിലവിലുണ്ട്. മേജർ അണ്ടർടേക്കിംഗ്സിന്റെ ടോട്ടൽ ബഡ്ജറ്റ് അലോക്കേഷന്റെ രണ്ട് ശതമാനം സോഷ്യൽ കോർപ്പസ് റെസ്പോൺസിബിലിറ്റി ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് നമുക്ക് ആകർഷിക്കുവാൻ കഴിയുന്നതാണ്. സ്റ്റേറ്റ് ഗവൺമെന്റിന്റെ ഫണ്ടുകൊണ്ടുമാത്രം ഇത് നടത്താൻ കഴിയില്ല. അതുകൊണ്ട് individual those who are ready to contribute, philanthropist,

everybody can contribute in this fund. അതുകൊണ്ട് അതംഗീകരിക്കാവുന്നതാണ്.

clause 4(e) ഒഴിവാക്കാവുന്നതാണ്. അതിനകത്ത് “the crime on account of which compensation is to be paid under the scheme should have been occurred within the State.” ശ്രീ. വി. ഡി. സതീശൻ എക്സംപ്ഷൻ വായിച്ചില്ല. അതുകൊണ്ടാണ് അത് പറഞ്ഞത്. അതിനുതാഴെ എക്സംപ്ഷൻ പറഞ്ഞിട്ടുള്ളത് “in case the crime has occurred outside the State and the victim is found within the limit of the State he or she shall be eligible for interim relief contemplated under subsection (6) of the section of 357(a) of the code.” അതുകൊണ്ട് അത് ആവശ്യമില്ല. കാരണം നമ്മുടെ സംസ്ഥാനത്തിന് വെളിയിൽ വച്ചാണെങ്കിൽപ്പോലും അവർക്ക് റീഹാബിലിറ്റേഷനും കോമ്പൻസേഷനുമുള്ള അധികാരമുണ്ട് എന്നുള്ളത് ഉൾപ്പെടുത്തിയിട്ടുണ്ട്.

Clause 5(7) –ൽ മാറ്റം വരുത്തുന്നില്ല. “The compensation will be received by the person who are affected, not the family.” ഫാമിലിയിൽ ഒത്തിരി അംഗങ്ങൾ ഉണ്ടാകും, എല്ലാവർക്കും കൊടുക്കാൻ കഴിയില്ല. അതേ സമയം ഡിസീസ്ഡ് ആയിട്ടുള്ള ആളുകൾക്ക് കൊടുക്കുന്നുണ്ട്. He is no more; compensation will be given to his close relatives എന്ന് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ട് അതംഗീകരിക്കാൻ സാധിക്കില്ല.

Clause 9 – ൽ ‘hundred and eighty days’ എന്നതിനുപകരം ‘year’ എന്ന് ചേർക്കണമെന്നതാണ് ഭേദഗതി. ജില്ലാ ലീഗൽ അതോറിറ്റിയിൽ അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധിയിൽ ഇളവ് അനുവദിക്കാൻ പദ്ധതി യിൽ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കാൻ നിവൃത്തിയില്ല.

Clause 10 (1) – ലെ ഭേദഗതി അംഗീകരിക്കുകയാണ്.

Clause 10(2) –ൽ പറയുന്ന ഭേദഗതി നിലവിലുള്ളതാണ്. രണ്ടാം അപ്പീലിന് ബന്ധപ്പെട്ട അതോറിറ്റിക്ക് ഇളവ് അനുവദിക്കാൻ ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. ആയതിനാൽ ഈ ഭേദഗതി അംഗീകരിക്കാൻ നിർവ്വാഹമില്ല.

IX –ാമത്തെ ഭേദഗതിയായ “ In the Schedule serial number 8 for the figure 20,000, the figure 50,000 shall be substituted.” ഇപ്പോൾ 20,000 മാത്രമേ അംഗീകരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കാൻ കഴിയില്ല.

X –ാമത്തെ ഭേദഗതിയിൽ പറയുന്ന In the Schedule serial number 11 for the figure and word 3 lakhs, the figure and word 5 lakhs shall be substituted എന്നത് ഭേദഗതി വരുത്താൻ നിവൃത്തിയില്ല. റേപ്പിന് 3 ലക്ഷം എന്നുള്ളത് 5 ലക്ഷം ആക്കിയാൽ മർഡറിനുള്ളത് കൂട്ടേണ്ടിവരും. തൽക്കാലം അത് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ആ ഭേദഗതി അംഗീകരിക്കാൻ കഴിയില്ല.

ശ്രീ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കാൻ നിവൃത്തിയില്ല. കാരണം ആൾറെഡി അവർക്ക് എൽ.ഐ.സി. പോലെയുള്ള

ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടാകും. അതുകൊണ്ടാണ് അത് അംഗീകരിക്കാൻ സാധിക്കാത്തത്.

ഈ ചട്ടം ഭാവിയിൽ ജനങ്ങൾക്ക് പ്രയോജനകരമാകുന്നതും സംഘട്ടനങ്ങളിൽപെടുന്നവർക്കും അതുപോലുള്ള പ്രയാസമനുഭവിക്കുന്ന ആളുകൾക്കും വളരെയധികം പ്രയോജനപ്പെടുന്ന ഒരു സ്കീമാണ് ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിലെ പൊതുജനസമക്ഷം അവതരിപ്പിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിച്ച Clause 6 (2) –ലെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ 5 (7), 9, 10 (2) എന്നീ ക്ലോസു കളിലും VIII, IX എന്നീ ഇനങ്ങളിലും അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ 2 (j), 6 (1) എന്നീ ക്ലോസുകളിൽ അവതരിപ്പിച്ച ഭേദഗതികൾ ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ 2 (j), 3 (2), 4 (e), 10 (1) എന്നീ ക്ലോസുക ളിൽ അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിച്ച Clause 6 (2) –ലെ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ 5 (7), 9, 10 (2) എന്നീ ക്ലോസുകളിലും IX, X എന്നീ ഇനങ്ങളിലും അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

**ഭേദഗതി ചെയ്തപ്രകാരമുള്ള ചട്ടം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.**

ഇവിടെ കൊണ്ടുവന്ന ഭേദഗതികൾ അംഗീകരിച്ച മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ ഇതിനെ ഏറ്റെടുത്ത് അവതരിപ്പിച്ചതുകൊണ്ടാണ് ഇതൊരു ചർച്ചയായത്. ഇതിൽ പങ്കെടുത്ത അംഗങ്ങളേയും ഏകകണ്ഠമായി പാസ്സാക്കിയ സഭയെയും ചെയർ അഭിനന്ദിക്കുന്നു.

**18-06-2014-ൽ ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട്**

മി. സ്പീക്കർ: 18-06-2014 ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരണാനുമതി തേടിയ അടിയന്തര പ്രമേയത്തിൽ, കൊച്ചിയിലെ ചേവന്നൂർ കായൽ കയ്യേറി ഡി.എൽ.എഫ്.-ന്റെ അനധികൃത ഫ്ളാറ്റ് നിർമ്മാണം മൂന്നംഗ വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിക്കുന്നതിനായി തീരദേശ പരിപാലന അതോറിറ്റി എടുത്ത തീരുമാനം പരിസ്ഥിതി വകുപ്പ് അട്ടിമറിച്ചുവെന്ന് ആരോപിച്ചു. ഇത് അന്വേഷിക്കുന്നതിന് ചീഫ് സെക്രട്ടറിയെ നിയോഗിക്കാമെന്ന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പുനൽകിയിരുന്നു. ഇത് സംബന്ധിച്ച് ചീഫ്

സെക്രട്ടറിയുടെ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു. കൂട്ടത്തിൽ ഒരു വാക്കുകൂടി പറയാം. ഈ റിപ്പോർട്ടിനകത്ത് ഒരു റെക്കമെൻഡേഷൻ ഉണ്ട്. It is essential at the point of time that the inspection decided by the KCZMA in the 62nd meeting to be conducted to come out with a clear report on CRZ status. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു മൂന്നംഗ കമ്മിറ്റി ഇതിന്റെ വിദഗ്ദ്ധമായ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്നുകൂടി അദ്ദേഹം ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ളത്, KCZMA യുടെ 62-ാമത് മീറ്റിംഗിലെ തീരുമാനം അനുസരിച്ച് ഡോ. പത്മകുമാർ, എച്ച്.ഒ.ഡി., ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, കേരള യൂണിവേഴ്സിറ്റി, പ്രൊഫ. ഡോ. രാമചന്ദ്രൻ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, ഡോ. കമലാക്ഷൻ കൊക്കൽ, പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ്, തിരുവനന്തപുരം എന്നീ മൂന്നുപേർ അന്വേഷിക്കണമെന്നാണ് KCZMA തീരുമാനിച്ചത് എന്നാണ്. അതുകൊണ്ട് ടെക്നിക്കലായിട്ടുള്ള എല്ലാ കാര്യങ്ങളുംകൂടി പരിശോധിക്കുന്നതിന് ഈ മൂന്നംഗ സമിതിയെ ചുമതലപ്പെടുത്താനായി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്ന കാര്യംകൂടി അറിയിച്ചുകൊണ്ട് ഞാൻ ഈ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു. 15 ദിവസ

ത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. (റിപ്പോർട്ട് മേശപ്പുറത്ത് വച്ചു)

മി. സ്പീക്കർ: ഇത് യഥാർത്ഥത്തിൽ സഭയെടുത്ത തീരുമാനമാണ്. ഇത് സഭയിലാണ് അദ്യം വരേണ്ടത്. രണ്ടുമൂന്ന് ദിവസമായി കേരളത്തിലെ എല്ലാ വർത്തമാന പത്രങ്ങളിലും ഇലക്ട്രോണിക് മീഡിയയിലും ഈ റിപ്പോർട്ട് വന്നുകൊണ്ടിരിക്കുന്നു. അതാണ് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത്. ഏത് ഗവൺമെന്റാണെങ്കിലും ബഹുമാനപ്പെട്ട മന്ത്രിമാർ അത് ബന്ധപ്പെട്ട ആളുകളെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. അതിന്റെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം അന്വേഷണം ഏർപ്പെടുത്തിയവർക്കാണ്. അവരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായതിന് ചെയറിന്റെ ശക്തമായ അതൃപ്തി ഞാനിവിടെ രേഖപ്പെടുത്തുന്നു. ഇത് സഭയുടെ മേശപ്പുറത്തുള്ളതാണ്.

മുഖ്യമന്ത്രി (ശ്രീ ഉമ്മൻ ചാണ്ടി): സർ, അങ്ങ് പറഞ്ഞത് പൂർണ്ണമായും ഉൾക്കൊള്ളുന്നു. സഭയിൽ പറയും എന്നായിരുന്നു മിനിസ്റ്റർ പറഞ്ഞിരുന്നത്. സഭയിൽ പറയാൻതന്നെയായിരുന്നു ഉദ്ദേശിച്ചിരുന്നത്. പക്ഷെ ഇത് മാധ്യമങ്ങളിൽ വന്നുവെന്നുള്ളത് ശരിയാണ്. ഗവൺമെന്റ് വളരെ ഗൗരവമായി അതിനെ കാണുന്നു. അതിനെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: തീർച്ചയായും ഇതിന് മുഖ്യമന്ത്രിയുടെ വാക്കുകൾ മതി.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇറാഖിലെ സ്ഥിതി അതീവ ഗുരുതരമാണ്. നാല് ദിവസം സഭയില്ല. അത് സഭയിൽ ഉന്നയിക്കാൻ അനുവദിക്കണമെന്നാണ് എന്റെ ആവശ്യം.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. സുരേഷ് കുറുപ്പ്, അതിവിടെ പല മെമ്പർമാരും എഴുതിത്തന്നിട്ടുണ്ട്. പല തിരക്കുകളും വന്നപ്പോൾ അത് നീട്ടിനീട്ടിക്കൊണ്ടു പോകുകയാണ്. അതുകൊണ്ടാണ് അങ്ങ് എഴുതിതന്നപ്പോൾ ഒന്നും ഞാൻ മിണ്ടാതിരുന്നത്

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, അതായത് നാല് ദിവസം സഭ സമ്മേളിക്കുന്നില്ല എന്നുള്ളതാണ്.

<u>മി. സ്പീക്കർ</u>: അത് സമ്മതിച്ചു. അങ്ങയുടെ വികാരത്തെ പൂർണ്ണമായും ബഹുമാനിക്കുന്നു. ഞാൻ എന്റെ ഒരു സ്ഥിതി പറഞ്ഞതാണ്. മറ്റ് അംഗങ്ങളെല്ലാം എഴുതിത്തന്നിരുന്നു, അവരെല്ലാം വെയ്റ്റ് ചെയ്യുകയാണ്. പിന്നെയൊരാളിന് അനുവദിക്കുക എന്ന് പറയുമ്പോൾ അതിന്റെയൊരു പ്രശ്നം ഞാൻ ................

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, അവരെ ഇപ്പോൾ പറയാൻ അനുവദിച്ചാലും മതി. എനിക്ക് പറയണമെന്നില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഈ പ്രശ്നത്തെ സംബന്ധിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പിനോ ഞങ്ങൾക്കോ പറയാൻ അനുവദിക്കണമെന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് പ്രതികരിച്ചാൽ മതി. Indian nurses in the delicate situation എന്നുപറഞ്ഞ് ദി ഹിന്ദു പത്രത്തിൽ ഇന്നൊരു വാർത്തയുണ്ട്. അത് വളരെ ഗൗരവതരമാണ്. അസംബ്ലി നടക്കുന്ന സന്ദർഭത്തിൽ ഇങ്ങനെയൊരു വാർത്ത വന്നാൽ നമ്മൾ അത് അവഗണിച്ചു പോയിക്കഴിഞ്ഞാൽ പ്രശ്നമാണ്. അതുകൊണ്ട് മുഖ്യമന്ത്രിയെങ്കിലും അതിനെക്കുറിച്ച് പ്രതികരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് നമ്മൾ അവിടെയുള്ളവരെ ടെലിഫോണിൽ വിളിക്കുന്നതിന് പോലും നിയന്ത്രണം വേണമെന്ന് വിദേശ മന്ത്രാലയം പറഞ്ഞിരിക്കുകയാണ്. ഗവൺമെന്റ് പ്രത്യേകിച്ച് ത്രിക്കിതിൽ കുടുങ്ങിയിരിക്കുന്ന 46 മലയാളി നേഴ്സുമാരുള്ള സ്ഥലവുമായി നിരന്തര മായി ബന്ധപ്പെടുന്നുണ്ട്. അവർ സുരക്ഷിതരാണ്. ഇൻഡ്യൻ എംബസി ഈ കാര്യത്തിൽ പ്രത്യേക താൽപര്യമെടുത്ത് ഇവർ താമസിക്കുന്ന ഹോസ്റ്റലിൽ അക്രമം ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ ഗവൺമെന്റ് ഭാഗത്തുനിന്നുള്ള ബോംബിംഗും കാര്യങ്ങളും വരാത്ത ഒരു വിധത്തിൽ പ്രത്യേകം ശ്രദ്ധിച്ചി ട്ടുണ്ട്. വളരെ ബുദ്ധിമുട്ടേറിയ സാഹചര്യമാണ്. പക്ഷെ നമ്മൾ വളരെ മിതത്ത്വം പാലിക്കേണ്ടതുകൊണ്ടാണ് ആ കാര്യത്തെക്കുറിച്ച് പരസ്യമായി പറയാതിരിക്കുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇന്നത്തെ ഹിന്ദു റിപ്പോർട്ട് ഇന്നലെ വരെയുള്ള സ്ഥിതിയല്ല ഇന്നവിടെയുള്ളത് എന്നാണ്. അതീവ ഗുരുതരമാണ്, ഇവർ ദയനീയമായി സഹായത്തിന് അഭ്യർത്ഥിക്കുന്നു എന്ന് പറഞ്ഞാണ് ഈ റിപ്പോർട്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഒരു കാര്യം പറയുന്നു, അവരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്. ഞാൻ തന്നെ നേരിട്ട് ഇന്നലെ രണ്ടുമൂന്ന് പ്രാവശ്യം വിളിച്ചിരുന്നു. പക്ഷെ, നമ്മൾ ആ കാര്യത്തിൽ വലിയ പബ്ലിസിറ്റി കൊടുക്കുന്നതല്ലാത്തതുകൊണ്ടാണ് അതിന്റെ വിശദാംശങ്ങൾ പറയാതിരി ക്കുന്നത്. അവിടെ ബുദ്ധിമുട്ടേറിയ സാഹചര്യങ്ങൾ ഇല്ലായെന്ന് ഞാൻ പറയു ന്നില്ല. പക്ഷെ ഈ സമയം വരെ അവർ സുരക്ഷിതരാണ്. ഇൻഡ്യൻ

എംബസിയും ഇറാഖ് ഗവൺമെന്റുമായി എന്നും ബന്ധപ്പെട്ടുകൊണ്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ആഭ്യന്തര മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നമ്മൾ ചർച്ചയ്ക്ക് പോയാൽ അത് വേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്ന ഇൻഡ്യൻ എംബസിയുടെയും അതൊടൊപ്പംതന്നെ കേന്ദ്ര ഗവൺമെന്റിന്റെയും നിർദ്ദേശം ഉണ്ട്. അതുകൊണ്ട് ഇവിടെ ചർച്ച ഉണ്ടാകരുതെന്നുള്ള അഭ്യർത്ഥനയുണ്ട്.

മി. സ്പീക്കർ: ചർച്ച വേണ്ട. അതിന്റെ പ്രത്യേകത പത്രങ്ങളിൽ വരുന്നതുപോലെയല്ല നിയമസഭയിൽ ചർച്ച വരുമ്പോൾ അതിന്റെ ഗൗരവം കൂടും. അതാണ് മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും ഉദ്ദേശിച്ചത്. ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങയുടെ ഉദ്ദേശ ശുദ്ധിയെ മാനിച്ചുകൊണ്ടുതന്നെയാണ് ഞാൻ ഈ പറഞ്ഞത്.